പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1581 06.03.2020 -ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിവിധ വായ്പാ തിരിച്ചടവ്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.ടി.വി.ഇബ്രാഹിം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിവിധ വായ്പാ തിരിച്ചടവിനായി ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുക അടയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) യും<br>(ബി) യും<br>(സി) യും | കെ.എസ്.ആർ.ടി.സി യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷൻ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസ സർക്കാർ വായ്പാ ധനസഹായവും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.യുടെ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യ പകുതിയുടെ കണക്കനുസരിച്ച് പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയും പ്രതിദിന ശരാശരി പ്രവർത്തന ചെലവ് 5.20 കോടി രൂപയുമാണ്. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപ മാത്രമാണ് കോർപ്പറേഷന്റെ കൈവശം ശമ്പളം നൽകുന്നതിന് ശേഷിക്കുന്നത്. ഒരു മാസം ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 35 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് കോർപ്പറേഷന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ 20 കോടി രൂപയും ചേർത്ത് മാസാന്ത്യം വെറും 55 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ പക്കൽ ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവുമാണ് നൽകി വരുന്നത്. അതിന് ശരാശരി 73 കോടി രൂപ ആവശ്യമാണ്. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനത്തിൽ നിന്ന് ചിലവ് കഴിച്ച് ബാക്കി വരുന്ന തുക കൂടി ചേർത്താണ് കഴിഞ്ഞ കുറെ മാസങ്ങളായി ശമ്പളവും വേതനവും നൽകി വരുന്നത്. |
| (ബി) | പ്രസ്തുത തുക കെ.എസ്. ആർ.ടി.സി.യുടെ മറ്റേതെങ്കിലും ആവശ്യത്തിന് വകമാറ്റിയിട്ടുണ്ടോ; | | |
| (സി) | ജീവനക്കാരിൽ നിന്നും പിടിക്കുന്ന തുക വകമാറ്റുന്നത് കുറ്റകരമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ശമ്പളവും വേതനവും നൽകിക്കഴിഞ്ഞാൽ കോർപ്പറേഷന്റെ കൈയ്യിൽ ഫണ്ടൊന്നും അവശേഷിക്കില്ല. ഇക്കാരണത്താൽ മൊത്ത ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ ഡിപ്പാർട്ട്മെന്റൽ റിക്കവറി, നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി എന്നിവയുടെ തുക അതാത് അക്കൗണ്ടിൽ നിക്ഷേപിക്കാൻ കോർപ്പറേഷന്റെ കൈയ്യിൽ ലിക്വിഡ് ക്യാഷായി ഫണ്ടൊന്നും ഉണ്ടാവുകയില്ല. ആയതിനാൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് വിവിധ വായ്പ ഇനത്തിൽ തിരിച്ചടവിനായി റിക്കവറി നടത്തുന്ന തുക യഥാസമയം അടയ്ക്കുവാൻ കഴിയാറില്ല. 2020 ജനുവരി വരെയുള്ള കണക്കനുസരിച്ച് 34.46 കോടി രൂപ എൽ.ഐ.സി ഉൾപ്പടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലും, സഹകരണ സ്ഥാപനങ്ങളിലും എൻ.ഡി.ആർ. ഇനത്തിൽ ഒടുക്കുവാനുണ്ട്. നിലവിൽ ശമ്പള വിതരണം പോലും സർക്കാർ സഹായത്താൽ നടത്തുന്ന ഈ സാമ്പത്തിക സ്ഥിതിയിൽ ടി ഭീമമായ തുക ഒരുമിച്ച് അടച്ച് തീർക്കുവാൻ സാധിക്കുന്നില്ല. എന്നാലും കോർപ്പറേഷന്റെ വരുമാനത്തിൽ നിന്ന് മറ്റ് ചെലവുകൾ മാറ്റി വെച്ച് തുക ശേഖരിച്ച് 2018 നവംബർ, ഡിസംബർ, 2019 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ എൻ.ഡി.ആർ തുകകൾ പൂർണ്ണമായും അടച്ച് തീർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻകാലങ്ങൾ മുതൽ കുടിശ്ശികയായി വന്നിട്ടുള്ള തുകകൾ അടച്ച് തീർക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**